കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോട്, കണ്ണൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ കുട്ടികൾക്ക് സഹായത്തിനുവേണ്ടി ചൈൽഡ് ലൈൻ 1098 എന്ന നമ്പരിൽ ഒരു പ്രത്യേക ലാന്റ് ലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജുവനൈൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. മാരെ അതാത് ജില്ലകളിലെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി കളുമായുള്ള പോലീസ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ആഫീസർമാരായി ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ബാലവേലയ്ക്കും ബാല ഭിക്ഷാടനത്തിനുമെതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ പോലീസ് സൂപ്രണ്ടു മാർക്കും ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിനോട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുവാൻ നിർദ്ദേശം നൽകുന്നതായിരിക്കും. അതത് പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകൾ, പൊതുപ്രവർത്തകർ, റസിഡന്റ്സ് അസോസ്സിയേഷനുകൾ, എൻ.ജി.ഒ.മാർ, എന്നിവരുടെ സഹകരണത്തോടെ ബാലവേല, ഭിക്ഷാടനം എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് നിയമ നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് മുതലായ സ്ഥലങ്ങളിൽ പോലീസ് ബീറ്റ് ശക്തമാക്കി വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിലുള്ള പോലീസ് നടപടികൾ ജില്ലാ സൂപ്രണ്ടുമാർ എല്ലാ മാസവും കൂടുന്ന കോൺഫറൻസിൽ അവലോകനം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നതാണ്. ഇതോടൊപ്പംതന്നെ കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ബാലവേലയും ബാലഭിക്ഷാടനത്തിനുമായി കുട്ടികളെ കടത്തി കൊണ്ടുവരുന്നത് ഒരു പ്രത്യേക ഇനമായെടുത്ത് നടപടിയെടുക്കുവാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(13) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. വി. എൻ. വാസവൻ: സർ, ഇ.പി.എഫ് പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. 1995-ൽ നടപ്പിലാക്കിയ പെൻഷൻ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. നാലു കോടിയോളം തൊഴിലാളികൾ ഈ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽത്തന്നെ ഏതാണ്ട് മൂന്നു ലക്ഷത്തോളം തൊഴിലാളികൾ വരും. ഇവർക്ക് ഈ പെൻഷൻ പദ്ധതി മൂന്നു വർഷത്തിനുശേഷം പുനഃപരിശോധിക്കുമെന്ന് അന്ന് പ്രഖ്യാപിച്ചതാണ്. വളരെ തുച്ഛമായ പെൻഷനാണ് ലഭിക്കുന്നത്. ഒരർത്ഥത്തിൽ ഒരു തീവെട്ടിക്കൊള്ളയാണ്. ഉള്ള അംശദായമെല്ലാം പിടിച്ചതിനുശേഷം കാലാകാലങ്ങളിൽ ഇതിന്റെ പലിശ കുറയ്ക്കുന്നു എന്നുള്ളതൊഴിച്ചാൽ കേന്ദ്ര ഗവൺമെന്റ് ഈ രംഗത്ത് തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കിയുള്ള പ്രവർത്തനം സംഘടിപ്പിക്കുകയോ പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കുകയോ ചെയ്യുന്നില്ല. ഇത്തരമൊരു ദുഃസ്ഥിതിയിൽ നിൽക്കുമ്പോൾ മരുന്ന് വാങ്ങാൻ പോലുമുള്ള പണം വാസ്തവത്തിൽ ഈ തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പെൻഷനായി ലഭിക്കുന്നില്ല. അതുകൊണ്ട് ഇ.പി.എഫ് പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുകയും അതോടൊപ്പം 1948-ലെ പി.എഫ് ആക്ടും ഇ.എസ്.ഐ. ആക്ടും പരിഷ്ക്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

എക്സൈസും തൊഴിലും വകുപ്പു മന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): 1995-ലെ എംപ്ലോയീസ് പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ പെൻഷൻ പദ്ധതിയിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുള്ളതിനാൽ തൊഴിലാളികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ആശ്വാസം വരുന്ന തീരുമാനങ്ങൾ എത്രയും വേഗം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ ഇതിനോടകംതന്നെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷെ കേന്ദ്ര ഗവൺമെന്റ് നാളിതുവരെയായതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പെൻഷൻ ഫണ്ടിന്റെ മൂല്യ നിർണ്ണയം ചെയ്യുന്നതിന് ഒരു ആക്ചുറിയെ നിയമിച്ചിട്ടുണ്ടെന്ന് മുൻ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി 19-1-2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിരവധി നിവേദനങ്ങൾ അടിയന്തര നടപടികൾക്കായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നൽകിയിട്ടുണ്ട്.

(14) പ്ലസ് ടു പരീക്ഷയുടെ മാർക്ക്

ശ്രീമതി കെ. എസ്. സലീഖ: സർ, മെഡിക്കൽ പ്രവേശനത്തിന് എൻട്രൻസ് മാർക്കിനൊപ്പം പ്ലസ് ടു മാർക്കുംകൂടി പരിഗണിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മെഡിക്കൽ പ്രവേശനത്തിന് നിലവിൽ എൻട്രൻസ് മാർക്ക് മാത്രമാണ് പരിഗണിക്കുന്നത്. അതേസമയം എഞ്ചിനീയറിംഗ് പ്രവേശനത്തിന് 2011 മുതൽ പ്ലസ് ടു പരീക്ഷയുടെയും എൻട്രൻസ പരീക്ഷയുടെയും മാർക്ക് തുല്യമായി പരിഗണിച്ചുകൊണ്ടാണ് പട്ടിക തയ്യാറാക്കുവാൻ പോകുന്നത്. ഏറ്റവും നല്ല കാര്യമാണ്. മെഡിക്കൽ പ്രവേശനത്തിനും പ്ലസ് ടു പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. ഇപ്പോൾ പ്ലസ് ടുവിന് 99 ശതമാനം മാർക്കൊക്കെ കിട്ടുന്ന സാധാരണക്കാരായ കുട്ടികൾക്ക് മെഡിക്കൽ പ്രവേശനത്തിനുള്ള സാധ്യത വളരെ പുറകിലാണ്. എന്നാൽ പ്ലസ് ടു-വിന് 86 ശതമാനം മാർക്ക് കിട്ടുന്ന കുട്ടികൾ ഉൾപ്പെടെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉള്ളവരാണെങ്കിൽ പണം ചെലവഴിച്ചുകൊണ്ട് കോച്ചിംഗിനു പോയി മെഡിക്കൽ പ്രവേശനത്തിന് അർഹത നേടുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് സാധാരണ കുടുംബത്തിൽ നിന്ന് വരുന്ന മിടുക്കരായ കുട്ടികൾക്ക് സഹായകരമായ വിധത്തിൽ 2011 മുതൽ മെഡിക്കൽ പ്രവേശനത്തിനും പ്ലസ് ടു-വിന്റെ മാർക്ക്കൂടി തുല്യമായി പരിഗണിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly